**കണ്ണൂർ സർവ്വകലാശാല**

## പ്രസിദ്ധീകരണത്തിന് - 16.05.2025, വെള്ളി

**തെരഞ്ഞെടുപ്പ് ഫലം**

- കണ്ണൂർ സർവകലാശാല സെനറ്റിലേക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ മണ്ഡലത്തിൽ നിന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായ ശ്രീമതി. അഡ്വ. കെ.കെ. രത്നകുമാരി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

**നോമിനൽ റോൾ, ഹാൾടിക്കറ്റ്**

- സർവകലാശാലയുടെ ഭൂമിശാസ്ത്ര പഠനവകുപ്പിലെ ഒന്നാം സെമസ്റ്റർ പിജി ഡിപ്ലോമ ഇൻ ജിയോഇൻഫർമാറ്റിക്സ് ഫോർ സ്പേഷ്യൽ പ്ലാനിംഗ് (റെഗുലർ/ സപ്ലിമെന്ററി ) നവംബർ 2024 പരീക്ഷയുടെ നോമിനൽ റോൾ ,ഹാൾടിക്കറ്റ് എന്നിവ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് .

**പരീക്ഷാ ഫലം**

- അഫിലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും മൂന്നാം സെമസ്റ്റർ എം ബി എ ( റെഗുലർ / സപ്ലിമെന്ററി ) ഒക്ടോബർ 2024 പരീക്ഷാ ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് .പുനർ മൂല്യ നിർണ്ണയം , സൂക്ഷ്മ പരിശോധന , ഫോട്ടോകോപ്പി എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 27.05.2025,5 PM.
- ഒന്നാം സെമസ്റ്റർ ബിരുദം (സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ് ) ,നവംബർ 2024 പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. പുനഃപരിശോധന, സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്കുള്ള ഓൺലൈൻ അപേക്ഷകൾ 28.05.2025 വൈകുന്നേരം 5 മണി വരെ സ്വീകരിക്കുന്നതാണ്.

**പുനർമൂല്യനിർണ്ണയ ഫലം**

- കണ്ണൂർ സർവ്വകലാശാല **2024 നവംബർ** സെഷനിൽ നടത്തിയ **മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ(2018 & Earlier** അഡ്മിഷൻ ഉൾപ്പെടെ) പുനർമൂല്യനിർണ്ണയ ഫലം സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൂർണ്ണഫലം പുനർമൂല്യനിർണയം പൂർത്തിയാകുന്ന മുറയ്ക്ക് വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നതാണ്.